# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 342* | 14.10.2011 -ൽ മറുപടിയ്ക്ക് |
|---|---|

### ആശാഭവനുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. ആർ. സെൽവരാജ് | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

(എ) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള ആശാഭവനുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) ഉണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ മാനസികരോഗ വിമുക്തി നേടിയവർക്കായി ആശാഭവൻ എന്ന പേരിൽ 6 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അനുവദിക്കാവുന്ന എണ്ണം | നിലവിലുള്ള അന്തേവാസികളുടെ എണ്ണം |
|---|---|---|---|
| 1 | ആശാഭവൻ (സ്ത്രീകൾ) തിരുവനന്തപുരം | 50 | 74 |
| 2 | ആശാഭവൻ (പുരുഷൻ) തിരുവനന്തപുരം | 50 | 65 |
| 3 | ആശാഭവൻ (പുരുഷൻ) കോഴിക്കോട് | 50 | 36 |
| 4 | ആശാഭവൻ (സ്ത്രീകൾ) കോഴിക്കോട് | 50 | 67 |
| 5 | ആശാഭവൻ (പുരുഷൻ) എറണാകുളം | 50 | 26 |
| 6 | ആശാഭവൻ (സ്ത്രീകൾ) തൃശൂർ | 50 | 61 |

ഈ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് സൂപ്രണ്ടും ഓഫീസ് സ്റ്റാഫും കൂടാതെ നെഴ്സുമാർ പരിചരണത്തിനായി ഉണ്ട്. പാർട്ട് ടൈം ഡോക്ടർമാർ പീരിയോടിക്കൽ ചെക്ക് അപ് നടത്തുകയും ചെയ്യുന്നുണ്ട്.

അന്തേവാസികൾക്കായി പല തരത്തിലുള്ള ട്രെയിനിംഗുകൾ നടത്തി വരുന്നുണ്ട്. പേപ്പർ നിർമ്മാണം, ബുക്ക് ബൈൻഡിംഗ്, സോപ്പ് നിർമ്മാണം, ചർക്ക ക്ളാസ്സുകൾ എന്നിവ നടത്തി വരുന്നു. ഈ ട്രെയിനിംഗുകളിലൂടെ അന്തേവാസികളുടെ മാനസിക നില മെച്ചപ്പെട്ടിട്ടുണ്ട്.

നിലവിൽ അന്തേവാസികളുടെ ഭക്ഷണത്തിനായി ഓരോ അന്തേവാസിക്കും പ്രതിമാസം 750/- രൂപയും മരുന്നിന് പ്രതിമാസം 300/- രൂപയും വസ്ത്രത്തിന് പ്രതിവർഷം 1000/- രൂപയും നല്കി വരുന്നുണ്ട്.

രോഗം അധികമായവരെ അടുത്തുള്ള മെന്റൽ ഹെൽത്ത് ഹോസ്പിറ്റലിൽ കിടത്തി ചികിൽസിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ആശാഭവനുകളിലെ അന്തേവാസികളുടെ പുനരധിവാസത്തിനുള്ള എന്തെങ്കിലും പാക്കേജ് നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഇല്ല |
| (സി) | അന്തേവാസികളുടെ ചികിത്സ-ഭക്ഷണ-താമസ സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാനും, സാമൂഹ്യ ജീവിതവുമായി അവരെ ഇണക്കിയെടുക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ